ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാംഘട്ടത്തിനുള്ള പരസ്യപ്രചാരണത്തിന് കലാശക്കൊട്ട്. 10 സംസ്ഥാനങ്ങളിലെ 93 മണ്ഡലവും ദാദ്ര നഗർ ഹവേലിയും ദാമൻ ദിയുവും നാളെ ബൂത്തിലേയ്ക്ക്.

**Campaigning for the third phase of Lok Sabha elections ends. 93 Constituencies spread over 10 states and Union Territories of Dadra and Nagar Haveli and Daman and Diu will go to polls tomorrow.**

2. അഞ്ചാംഘട്ട തിരഞ്ഞെടുപ്പു നടക്കുന്ന 49 മണ്ഡലങ്ങളിൽ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

**The deadline for withdrawal of nomination papers in 49 constituencies where the fifth phase of elections will be held ends today.**

3. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തയും തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറത്തിറങ്ങും.

**The notification for the seventh and last phase of Lok Sabha election will be issued tomorrow.**

**4.** **കേരളത്തിൽ ഇന്ന് ചൂടു കൂടുമെന്ന് മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി അതിതീവ്ര തിരമാലകൾക്കും സാധ്യത.**

**In Kerala, the orange alert continues as per the warning by the Indian National Centre for Ocean Information Services (INCOIS) on high-energy swell waves along Kerala and Tamil Nadu coasts; Hot weather continues in Kerala**

**5.** **കോഴിക്കോട് തീരത്തിനടുത്ത് നിന്ന് ഇറാനിയൻ ബോട്ട് തീരസംരക്ഷണ സേന കസ്റ്റഡിയിൽ എടുത്തു.**

**An Iranian boat was taken into custody by the Coast Guard off the coast of Kozhikode.**

**6.** **ഐ.പി.എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജെയ്ന്റ്സിനെ തോൽപിച്ച് കൊൽക്കത്ത പോയിന്റ് പട്ടിയിൽ ഒന്നാമതെത്തി.**

**Kolkata Knight Riders defeated the Lucknow Super Giants to top the points table in IPL cricket.**

**&&&&&&&&&&&&&&&**

## THIRD PHASE (INTRO)

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാംഘട്ടത്തിനായുള്ള പരസ്യ പ്രചാരണം അവസാനിച്ചു. 10 സംസ്ഥാനങ്ങളിലെ 93 മണ്ഡലങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലിയിലും ദാമൻ ദിയുവിലും മൂന്നാം ഘട്ടമായി നാളെയാണ് വോട്ടെടുപ്പ്. കർണാടകയിലെ അവശേഷിക്കുന്ന 14 സീറ്റുകൾക്കൊപ്പം, മഹാരാഷ്ട്രയിലെ 11, ഉത്തർപ്രദേശിലെ 10, മധ്യപ്രദേശിലെ എട്ട്, ഛത്തീസ്ഗഢിലെ ഏഴ് സീറ്റുകളിലേക്കും നാളെ വോട്ടെടുപ്പ് നടക്കും.

വിശദാംശങ്ങളിലേയ്ക്ക്......

(വോയ്സ്)

## THIRD PHASE (VOICE)

തിരക്കിട്ട പരിപാടികളുമായാണ് രാഷ്ട്രീയ പാർട്ടികൾ മൂന്നാംഘട്ട തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ അവസാന ദിനമായ ഇന്നലെ രംഗത്തിറങ്ങിയത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ അയോധ്യയിൽ മെഗാ റോഡ് ഷോ നടത്തി. സുഗ്രീവ് കിലയിൽ നിന്ന് റോഡ് ഷോ ആരംഭിക്കുന്നതിന് മുമ്പ് അദ്ദേഹം രാംലല്ലയിൽ ദർശനം നടത്തി. അയോധ്യയിൽ ബിജെപിയ്ക്കായി നിലവിലെ എംപി ലല്ലു സിംഗും സമാജ്‌വാദി പാർട്ടിയ്ക്കായി മുതിർന്ന നേതാവ് അവധേഷ് പ്രസാദുമാണ് മത്സരിക്കുന്നത്. ഉത്തർപ്രദേശിലെ ഇറ്റാവയിലും സിതാപൂറിലും ഇന്നലെ നടന്ന പൊതുയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സമാജ്‌വാദി പാർട്ടിക്കും കോൺഗ്രസിനുമെതിരെ രൂക്ഷമായ വിമർശനമുന്നയിച്ചു. മുതിർന്ന ബിജെപി നേതാവും ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയുമായ പുഷ്കർ സിംഗ് ധാമിയും യുപിയിൽ പ്രചാരണത്തിലുണ്ട്. സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് ഇന്നലെ ആഗ്ര ജില്ലയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ഉത്തർപ്രദേശിന്റെ ചുമതലയുള്ള കോൺഗ്രസ് നേതാവ് അവിനാഷ് പാണ്ഡെയും പ്രചാരണരംഗത്തുണ്ട്. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ അമിത് ഷായും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും തെലങ്കാനയിൽ പ്രചാരണരംഗത്തുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&

## PM-BHUBANESWAR

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഒഡീഷയിൽ വിവിധ തിരഞ്ഞെടുപ്പു പരിപാടികളിൽ ഇന്ന്

പങ്കെടുക്കും. ഗഞ്ചം ജില്ലയിലെ കനിഷിയിലും, നബരംഗ്പൂർ ജില്ലയിലും നടക്കുന്ന പൊതുയോഗങ്ങളിൽ പ്രസംഗിക്കും. അദ്ദേഹം ഇന്നലെ ഭുവനേശ്വറിൽ എത്തി.

&&&&&&&&&&&&&

## FOURTH PHASE

ഈ മാസം 13 ന് നാലാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ആന്ധ്രാപ്രദേശ്, തെലങ്കാന, ബിഹാർ, മധ്യപ്രദേശ് തുടങ്ങിയ ഒൻപത് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും ഉൾപ്പടെ 96 മണ്ഡലങ്ങളിലാണ് നാലാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

&&&&&&&&&&&&&

## ELECTION FIFTH PHASE

അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന ശനിയാഴ്ച നടന്നു. ബിഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, ലഡാക് എന്നിവിടങ്ങളിലെ 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ വിധിയെഴുതുന്നത്. ഈ മാസം 20 നാണ് അഞ്ചാംഘട്ട വോട്ടെടുപ്പ്.

&&&&&&&&&&&&&

## LS POLL 7TH PHASE NOTIFICATION

ലോക്സഭാ തിരഞ്ഞെടുപ്പിൻ്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ട തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. ഏഴ് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 57 ലോക്സഭാ സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഉത്തർപ്രദേശിലും പഞ്ചാബിലും പതിമൂന്ന്

സീറ്റുകളിൽ വീതവും പശ്ചിമ ബംഗാളിൽ ഒമ്പത് സീറ്റുകളിലും ബീഹാറിൽ എട്ട് സീറ്റുകളിലും ഒഡീഷയിൽ ആറ് സീറ്റുകളിലും ഹിമാചൽ പ്രദേശിൽ നാല് സീറ്റുകളിലും ജാർഖണ്ഡിലെ മൂന്ന് സീറ്റുകളിലും കേന്ദ്രഭരണ പ്രദേശമായ ചണ്ഡീഗഢിലെ ഒരു സീറ്റിലുമാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 14 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഏഴാം ഘട്ട വോട്ടെടുപ്പ് ജൂൺ ഒന്നിന് നടക്കും.

&&&&&&&&&&&&&

## ODISHA - BJP MANIFESTO

ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള പ്രകടന പത്രിക ബിജെപി പുറത്തിറക്കി. അടുത്ത 5 വർഷത്തിനുള്ളിൽ ക്വിന്റലിന് 3,100 രൂപ നിരക്കിൽ നെല്ല് സംഭരിക്കുമെന്നും 100 ശതമാനം കൃഷിയിടങ്ങളിലും ജലസേചനം ഉറപ്പാക്കുമെന്നും പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്യുന്നു. ബിജെപി അധ്യക്ഷൻ ജെപി നദ്ദയാണ് ഇന്നലെ പ്രകടന പത്രിക പുറത്തിറക്കിയത്. ലോക്സഭാ തിരഞ്ഞെടുപ്പിനൊപ്പം ഈ മാസം 13 മുതൽ നാലുഘട്ടമായാണ് ഒഡിഷയിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്നത്.

&&&&&&&&&&&&&

## DELHI SVEEP

യുവവോട്ടർമാർക്കുള്ള ബോധവത്കരണ പരിപാടിയായ SVEEP ന്റെ പ്രവർത്തനങ്ങളിലൂടെ ഡൽഹിയിലുടനീളമുള്ള യുവ വോട്ടർമാരുടെ രജിസ്ട്രേഷനിൽ വർധനയുണ്ടായതായി ഡൽഹിയിലെ മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ പി. കൃഷ്ണമൂർത്തി പറഞ്ഞു. ഡൽഹിയിൽ ആദ്യമായി വോട്ട് ചെയ്യുന്നവരുടെ എണ്ണം ഒരു ലക്ഷത്തി 47,000 ത്തിൽ നിന്ന് രണ്ട് ലക്ഷത്തി 43,000ൽ എത്തിയെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&

# PRESIDENT HP VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹിമാചൽ പ്രദേശിലെ ധരംശാല കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ ഷിംലയിലെ ചരിത്രപ്രസിദ്ധമായ ഗെയ്റ്റി തിയേറ്ററിൽ നടക്കുന്ന സാംസ്കാരിക പരിപാടിയിലും രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&

# INDIA-SL FERRY SERVICES

ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഇടയിലുള്ള പാസഞ്ചർ ഫെറി സർവീസ് ഈ മാസം 13 ന് പുനരാരംഭിക്കും. നാഗപട്ടണത്തേയും ജാഫ്നയ്ക്കടുത്തുള്ള കാങ്കസന്തുറൈയേയും ബന്ധിപ്പിച്ചാണ് ഫെറി സർവീസ്. ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കഴിഞ്ഞ വർഷം ഒക്ടോബറിലാണ് ഫെറി സർവീസ് ആരംഭിച്ചത്.

&&&&&&&&&&&&&

# J K-TERRORIST ARREST

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിൽ സുരക്ഷാ സേനയ്ക്കൊപ്പം പോലീസ് നടത്തിയ തിരച്ചിലിൽ രണ്ട് ഭീകരർ അറസ്റ്റിലായി. സുരക്ഷാ സേനക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് തിരച്ചിൽ നടത്തിയത്. പിസ്റ്റൾ ഉൾപ്പെടെയുള്ള ആയുധങ്ങളും വെടിക്കോപ്പുകളും ഗ്രനേഡുകളും ഇവരിൽ നിന്ന് കണ്ടെടുത്തു.

&&&&&&&&&&&&&

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനു ജയം. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയൻ്റ്സിനെ 98 റൺസിനാണ് അവർ പരാജയപ്പെടുത്തിയത്. ഈ വിജയത്തോടെ 16 പോയിൻ്റുമായി കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോയിൻ്റ് പട്ടികയിൽ ഒന്നാം സ്ഥാനത്താണ്.

ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സ്, പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി. ഇന്ന് മുംബൈ ഇന്ത്യൻസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

**&&&&&&&&&&&&&**

## WOMEN S T20

ഈ വർഷം ഒടുവിൽ ബംഗ്ലാദേശിൽ നടക്കുന്ന വനിതകളുടെ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യയും പാകിസ്ഥാനും എ ഗ്രൂപ്പിൽ മത്സരിക്കും. നിലവിലെ ജേതാക്കളായ ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ ടീമുകളും ഇതേ ഗ്രൂപ്പിലുണ്ട്. ഒക്ടോബർ മൂന്നുമുതൽ 20 വരെ ബംഗ്ലാദേശിലാണ് മത്സരം.

**&&&&&&&&&&&&&**

## SEA ATTACK -ORANGE ALERT

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരളതീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്നു വൈകിട്ട് 3.30 വരെ അതിതീവ്ര തിരമാലകൾക്ക് സാധ്യത. കടലാക്രമണ സാധ്യതയുള്ളതിനാൽ ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം ഇന്ന് ഓറഞ്ച് അലർട്ട്

പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരളത്തിലെ വിവിധ ജില്ലകളിൽ താപനില സാധാരണയെക്കാൾ നാലു ഡിഗ്രിവരെ കൂടാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇതേ തുടർന്ന് വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇന്നലെ സംസ്ഥാനത്ത് ഒരിടത്തും 40 ഡിഗ്രി സെൽഷ്യസിനു മുകളിൽ ചൂട് രേഖപ്പെടുത്തിയില്ല. പാലക്കാടാണ് ഏറ്റവും ഉയർന്ന താപനില. 39 ഡിഗ്രി സെൽഷ്യസ്. ഈ ആഴ്ച വേനൽമഴ ശക്തമാകാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. വടക്കൻ ജില്ലകളിൽ ഉൾപ്പെടെ മിന്നലോടു കൂടിയ മഴ ലഭിച്ചേക്കും.

&&&&&&&&&&&&&

## SEAS SWELL

കള്ളക്കടൽ പ്രതിഭാസത്തിൻ്റെ ഭാഗമായി കോഴിക്കോട് ' വെസ്റ്റ്ഹിൽ ശാന്തിനഗർ പരിസരത്തെ വീടുകളിൽ രാത്രി വെള്ളം കയറി. കൊല്ലത്ത് രാത്രി കടൽക്ഷോഭം ശക്തമായി. വെടിക്കുന്ന് തിരുവാതിര നഗറിൽ ഒരു വീട് പൂർണമായി കടലെടുത്തു.തിരുവനന്തപുരം പൂന്തുറ മേഖലയിലും കടലാക്രമണം ശക്തമാണ്. നിരവധി വീടുകളിൽ വെള്ളം കയറി.

&&&&&&&&&&&&&

## IRANIAN VESSEL DETAINED

കോഴിക്കോട് തീരത്തിനടുത്ത് ഇറാനിയൻ ബോട്ട് കേന്ദ്ര തീര സംരക്ഷണ സേന കസ്റ്റഡിയിൽ എടുത്തു. കോഴിക്കോട് തീരത്തുനിന്നും 40 നോട്ടിക്കൽ മൈൽ അകലെ നിന്നാണ് ബോട്ട് പിടിച്ചെടുത്തത്. ആറ് മത്സ്യത്തൊഴിലാളികൾ ബോട്ടിലുണ്ടായിരുന്നു.

&&&&&&&&&&&&&

# ICSE, ISC RESULTS

ഐ.സി.എസ്.ഇ പത്താംക്ലാസ് ഐ.എസ്.സി 12-ാാം ക്ലാസ് പരീക്ഷകളുടെ ഫലം ഇന്ന് 11 മണിക്ക് പ്രഖ്യാപിക്കും. cisce.org, അല്ലെങ്കിൽ results.cisce.org വെബ്സൈറ്റുകളിൽ യൂണിക് ഐ.ഡി യും ഇൻഡക്സ് നമ്പറും നൽകി ഫലം അറിയാം. ഡിജിലോക്കർ പോർട്ടൽ വഴിയും ഫലമറിയാം. ഉപരിപഠന യോഗ്യത ലഭിക്കാത്തവർക്കായുള്ള കംപാർട്മെന്റ് പരീക്ഷ ഇക്കൊല്ലം മുതൽ ഇല്ല. പകരം രണ്ട് വിഷയങ്ങളിൽ ജൂലൈയിൽ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാം.

&&&&&&&&&&&&&

# NEET UG

മെഡിക്കൽ, ദന്തൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള ദേശിയ പ്രവേശന പരീക്ഷയായ നീറ്റ് ഇന്നലെ നടന്നു. രാജ്യത്തെ 557 നഗരങ്ങളിലും ഇന്ത്യയ്ക്ക് പുറത്തുള്ള 14 നഗരങ്ങളിലുമായി നടന്ന പരീക്ഷയിൽ 24 ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരുന്നത്.

രാജസ്ഥാനിലെ ഒരു പരീക്ഷാ കേന്ദ്രത്തിൽ തെറ്റായ ചോദ്യപേപ്പർ വിതരണം നടന്നതൊഴിച്ചാൽ രാജ്യത്തുടനീളമുള്ള മറ്റെല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും പരീക്ഷ സുഗമമായും സമാധാനപരമായും നടന്നതായി എൻടിഎ അറിയിച്ചു.

&&&&&&&&&&&&&

# CHHATTISGARH MAOISTS SURRENDER

ഛത്തീസ്ഗഢിലെ ദന്തേവാഡ ജില്ലയിൽ ഇന്നലെ 35 മാവോവാദികൾ കീഴടങ്ങി. പൊലീസ് തലയ്ക്ക് വിലയിട്ട മൂന്ന് പേർ അടക്കമുള്ളവരാണ് കീഴടങ്ങിയത്. ഇവർക്ക് സർക്കാരിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി 25,000 രൂപ വീതം നൽകും. ദന്തേവാഡ പോലീസിന്റെ പ്രത്യേക ക്യാമ്പയിൻറെ ഭാഗമായി ഇതുവരെ 796 മാവോവാദികളാണ് കീഴടങ്ങിയത്.

&&&&&&&&&&&&&

## MP VOTERS AWARENESS DRIVE

മധ്യപ്രദേശിൽ, വോട്ടർ ബോധവത്കരണത്തിനായി കാർ റാലി നടന്നു. മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ അനുപം രാജൻ റാലി ഫ്ലാഗ് ഓഫ് ചെയ്തു. നാളെ നടക്കുന്ന മൂന്നാം ഘട്ട വോട്ടെടുപ്പിൽ വോട്ടുചെയ്യാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&

## RADHIKA RESIGNATION

കോൺഗ്രസിൻ്റെ ദേശീയ മാധ്യമ കോർഡിനേറ്റർ രാധിക ഖേര പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് രാജിവെച്ചു. പാർട്ടിയിൽ നിന്ന് നീതി ലഭിക്കാത്തതിനാലാണ് തന്റെ ഈ നടപടിയെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെക്ക് എഴുതിയ കത്തിൽ അവർ പറഞ്ഞു.

&&&&&&&&&&&&&
&&&&&&&
&&&